LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അച്ചടി വകുപ്പിൻ കീഴിലുള്ള പ്രസ്സുകൾ താഴെ പറയുന്നു:

1. ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം
2. ഗവ. പ്രസ്സ്, മണ്ണന്തല
3. മുദ്ര നിർമ്മാണശാല, തിരുവനന്തപുരം
4. സെൻട്രൽ ജയിൽ പ്രസ്സ്, തിരുവനന്തപുരം
5. ഗവ. പ്രസ്സ്, കൊല്ലം
6. ഗവ. പ്രസ്സ്, വാഴൂർ
7. ഗവ. പ്രസ്സ്, എറണാകുളം
8. ഗവ. പ്രസ്സ്, ഷൊർണ്ണൂർ
9. ഗവ. പ്രസ്സ്, കോഴിക്കോട്
10. ഗവ. പ്രസ്സ്, വയനാട്
11. ഗവ. പ്രസ്സ്, കണ്ണൂർ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പ്രസ്സിനും വേണ്ടി വാങ്ങിയ അച്ചടിയന്ത്രങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഓർഡർ നൽകിയ സ്ഥാപനങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ഓർഡർ നൽകുന്നത്.

(ഡി) ഏതെല്ലാം യന്ത്രങ്ങളാണ് വാങ്ങേണ്ടതെന്ന് വകുപ്പുതലവനാണ് തീരുമാനിക്കുന്നത്. ഗുണമേൻമയെ സംബന്ധിച്ച തീരുമാനങ്ങൾ കാലാകാലങ്ങളിൽ രൂപീകരിക്കുന്നത് ടെക്നിക്കൽ കമ്മറ്റിയാണ്.

(ഇ) ടെക്നിക്കൽ കമ്മറ്റിയുടെ ശുപാർശ പരിശോധിച്ച് പർച്ചേസ് സാംഗ്ഷനുവേണ്ടി ശുപാർശ ചെയ്യുകയാണ് ഡിപ്പാർട്ടുമെന്റ് പർച്ചേസ് കമ്മറ്റിയുടെ ചുമതല. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, അച്ചടി വകുപ്പ് ഡയറക്ടർ, ഫിനാൻസ്, സ്റ്റോർ പർച്ചേസ് വകുപ്പുകളുടെ പ്രതിനിധികൾ എന്നിവർ ഇതിലെ അംഗങ്ങളുമാണ്.

(എഫ്) അതെ.

(ജി) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തോട് അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഗവൺമെന്റ് പ്രസ്സിന്റെ ആധുനികവൽക്കരണം

137 [3724] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം ആധുനികവൽക്കരണ നടപടികൾ ഗവ:പ്രസ്സിൽ നടപ്പിലാക്കിയിട്ടുണ്ട്; ഇനിയും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആധുനികവൽക്കരണത്തിന് എത്ര രൂപ ചെലവഴിച്ചു;

(സി) കഴിഞ്ഞ 3 വർഷം ഓവർടൈം ഇനത്തിൽ കൊടുത്ത തുക എത്രയാണ്; ആധുനിക വൽക്കരണത്തിന്റെ ഫലമായി ഓവർടൈം തുക കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ സെൻട്രൽ പ്രസ്സിലെ മൂന്നാമത്തെ ഷിഫ്റ്റ് തുടങ്ങിയോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്താണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വയനാട്, കോഴിക്കോട്, മണ്ണന്തല, വാഴൂർ, എറണാകുളം എന്നീ ഗവൺമെന്റ് പ്രസ്സുകൾ പൂർണ്ണമായും, തിരുവനന്തപുരം സെൻട്രൽ പ്രസ്സ്, ഷൊർണ്ണൂർ, കണ്ണൂർ എന്നീ പ്രസ്സുകൾ ഭാഗികമായും ആധുനികവൽക്കരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തിരുവനന്തപുരം സെൻട്രൽ പ്രസ്സിന്റെ ആധുനിക വൽക്കരണം പൂർത്തിയാക്കുന്നതിലേക്കായി 325 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം വരെ 6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2001-2002-ൽ 92.16 ലക്ഷം രൂപയും, 2002-2003-ൽ 72.11 ലക്ഷം രൂപയും, 2003-2004-ൽ 62.29 ലക്ഷം രൂപയും ഓവർടൈം ഇനത്തിൽ നൽകിയിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഓവർടൈം തുക ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല. ഇക്കാര്യം പരിശോധിച്ചു വരുന്നു.

ഓഫ്സെറ്റ് ഓപ്പറേറ്റർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

138 [3725] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടിവകുപ്പിൽ ഗവൺമെന്റ് പ്രസ്സിൽ ഓഫ്സെറ്റ് ഓപ്പറേറ്റർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ യോഗ്യരായവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ലിസ്റ്റ് എന്ന് ലഭ്യമായി എന്നും ഇല്ലെങ്കിൽ ലഭിക്കാത്തതിന് കാരണം അന്വേഷിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ; ഇതിൽ ഇന്റർവ്യൂവും നിയമനവും തടഞ്ഞാത്തത് എന്തുകൊണ്ടാണ്;

(സി) ലിസ്റ്റ് ആവശ്യപ്പെട്ടത് എന്നാണ്; അതിനുശേഷം പി. എസ്. സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനത്തിനു എഴുതിയ ഒഴിവുകൾ എത്രയാണ്; അത് ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നുണ്ടോ എന്നറിയിക്കാമോ; ഇനിയും ഈ ഒഴിവുകൾക്ക് എംപ്ലോയ്മെന്റ് വഴി നിയമനം ആവശ്യമുണ്ടോ;

(ഇ) എങ്കിൽ എന്ന് നിയമനം നടത്തും എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിയമനത്തിന് ആളെ ആവശ്യപ്പെട്ടുകൊണ്ട് എംപ്ലോയ്മെന്റിന് കത്തെഴുതിയതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-6-2004-ൽ ലിസ്റ്റ് ലഭിച്ചു. പി. എസ്. സി. റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമെന്നറിയിച്ചതിനാൽ എംപ്ലോയ്മെന്റ് വഴിയുള്ള നിയമനം തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly